**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6378** **10-07-2024 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യ മേഖലയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് മത്സ്യബന്ധന വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | മത്സ്യ മേഖലയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മൽസ്യഫെഡ് എന്നീ ഏജൻസികൾ വഴി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. പദ്ധതികളുടെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

<u>മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മൽസ്യഫെഡ് എന്നീ ഏജൻസികൾ വഴി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ</u>

### 1. സാഫ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

സാഫ് പദ്ധതിയായ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിലൂടെ മത്സ്യസംസ്കരണ മേഖലയിൽ ഉൾപ്പെടുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യസംസ്കരണ സംരംഭങ്ങളുടെ കച്ചവടം മെച്ചപ്പെടുത്തുന്നതിനായി SAF Fish & Fish Processing Groups Category Federation രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ഫെഡറേഷന്റെ നിയന്ത്രണത്തിൽ Fish Booth, Dry Fish, Fish processing units, Pickle, Ornamental Fish, Clam Processing, Peeling shed, Fish manure എന്നിങ്ങനെ 309 യൂണിറ്റുകൾ പ്രവർത്തിക്കുകയും യൂണിറ്റുകളെ Online Marketing & Sales ന്റെ കീഴിൽ കൊണ്ടുവരുകയും ഇതുവഴി വിറ്റു വരവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

സാഫ് വഴി ശേഖരിക്കുന്ന Prawns, Angovy, Sole Fish, Lizard fish, Shark, Silverbelly എന്നീ ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാന്റിൽ വിപണിയിൽ ലഭ്യമാണ്. ഹാർബറിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മൽസ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്ത് സൂപ്പർമാർക്കറ്റുകളിലും കടകളിലും ലഭ്യമാക്കി വരുന്നു. സാഫ് തീരമൈത്രി ബ്രാന്റിൽ ലഭ്യമാക്കുന്ന ഉണക്കമത്സ്യങ്ങൾ കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)യിൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾക്ക് എക്സ്പോർട്ട് ക്വാളിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്.

2024 – 25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ മത്സ്യസംസ്കരണ യൂണിറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാഫ് നടപ്പിലാക്കുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിലൂടെ ആരംഭിക്കുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നുണ്ട്. മാറി വരുന്ന ടെക്നോളജിക്ക് അനുസരിച്ച് യൂണിറ്റുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനായി നൂതന ഉപകരണങ്ങളെ പറ്റി അവബോധം നൽകി അവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

### 2. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ മത്സ്യബന്ധന മത്സ്യസംസ്കരണ മേഖലകളിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉണക്കമത്സ്യ ഉൽപ്പാദനം, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന മേഖലയിൽ കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പരിശീലനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആധുനികവൽക്കരണം, സൗരോർജ്ജം ഇന്ധനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം എന്നിവ ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമായ സംയോജിത ആധുനിക മത്സ്യഗ്രാമം പദ്ധതിയിൽ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വൃത്തിയായ അന്തരീക്ഷത്തിൽ തികച്ചും ശുചിത്വപൂർണ്ണമായി വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളാക്കി വിവിധ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗുണഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രയറിൽ ഉണക്കിയോടുത്ത വിവിധ

മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചുവരുന്നു..

**3. മത്സ്യഫെഡ്**

ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി മത്സ്യത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) യും, സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CTCRI) യും ആണ് സാങ്കേതിക സഹായം നൽകുന്നത്.

മായം കലരാത്ത ശുദ്ധമായ മത്സ്യം ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി മത്സ്യഫെഡിന് 9 ജില്ലകളിൽ മത്സ്യം. സംഭരിക്കുന്ന കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷൻ) പ്രവർത്തിക്കുന്നുണ്ട്. ശുദ്ധമായ മത്സ്യം സംഭരിച്ച് ശുചിത്വമുള്ള ചുറ്റുപാടിൽ സംസ്കരിച്ച് മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. ഇതു കൂടാതെ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ (MIFP) മത്സ്യസംസ്കരണം നടത്തി റെഡി ടു ഈറ്റ്, റെഡി ടു കുക്ക് വിഭവങ്ങായ വിവിധതരം മത്സ്യ അച്ചാറുകളും, ഫിഷ് കട്‌ലറ്റ്, ചെമ്മീൻ റോസ്റ്റ്, ചെമ്മീൻ ചമ്മന്തിപ്പൊടി എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും മത്സ്യഫെഡിന്റെ വിവിധ ഔട്ട് ലെറ്റുകൾ വഴി ടി ഉൽപ്പന്നങ്ങളുടെ വിപണനം നടത്തി വരികയും ചെയ്യുന്നു.

ഗുണമേന്മയുള്ളതും രുചികരവുമായ മത്സ്യവിഭവങ്ങൾ ഉൾപ്പെടുന്ന ഭക്ഷണം പൊതുജനങ്ങൾക്ക് നൽകുന്നതിനായി മത്സ്യഫെഡ് വിഴിഞ്ഞം ആഴാകുളത്ത് പുതുതായി ഒരു കേരള സീ ഫുഡ് കഫേ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ ആദ്യത്തെ നൈലോൺ നൂൽ ഫാക്ടറി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ മൽസ്യഫെഡിന്റെ നിയന്ത്രണത്തിൽ 43 മത്സ്യ ബൂത്തുകൾ പ്രവത്തിക്കുന്നുണ്ട്. പുതിയതായി 58 ബൂത്തുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**